REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ജയ്പൂരിൽ റൈസിംഗ് രാജസ്ഥാൻ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും.**
- **മന്ത്രിമാരുടെ നേതൃത്വത്തിൽ 'കരുതലും കൈത്താങ്ങും' പരാതിപരിഹാര അദാലത്തിന് സംസ്ഥാനത്ത് നാളെ തുടക്കം.**
- **മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുമായും ജനപ്രതിനിധികളുമായും നാളെ ഓൺലൈനിൽ സംവദിക്കും.**
- **അന്താരാഷ്ട്ര നിർമ്മിത ബുദ്ധി കോൺക്ലേവിന്റെ രണ്ടാം എഡിഷന് തിരുവനന്തപുരത്ത് തുടക്കമായി.**
- **ബോർഡർ - ഗാവസ്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയക്ക് ജയം.**

## വാർത്തകൾ വിശദമായി

ജയ്പൂരിൽ റൈസിംഗ് രാജസ്ഥാൻ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. ജയ്പൂർ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന മൂന്ന് ദിവസത്തെ ഉച്ചകോടിയിൽ 17 പങ്കാളിത്ത രാജ്യങ്ങൾ ഉൾപ്പെടെ 32 രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ, പ്രമുഖ വ്യവസായികൾ, നയതന്ത്രജ്ഞർ, വ്യാപാര പ്രതിനിധികൾ, നിക്ഷേപകർ തുടങ്ങിയവർ പങ്കെടുക്കും. ഉച്ചകോടിക്ക്

മുന്നോടിയായി 30 ലക്ഷം കോടി രൂപയുടെ ധാരണാപത്രങ്ങൾ ഇതിനകം ഒപ്പുവെച്ചിട്ടുണ്ട്.

പാനിപ്പത്തിൽ പ്രധാനമന്ത്രി ബീമാ സഖി യോജനയും നരേന്ദ്രമോദി നാളെ ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും.

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ മൂന്ന് ദിവസത്തെ റഷ്യൻ സന്ദർശനത്തിന് ഇന്ന് തുടക്കം. മോസ്കോയിൽ ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷന്റെ 21-ാമത് യോഗത്തിൽ അദ്ദേഹവും റഷ്യൻ പ്രതിരോധ മന്ത്രി ആന്ദ്രേ ബെലോസോവും സഹ അധ്യക്ഷരാകും.

സൈനിക, വ്യാവസായിക സഹകരണം ഉൾപ്പെടെ പ്രതിരോധ മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലെ ബഹുമുഖ ബന്ധങ്ങൾ ഇരു നേതാക്കളും അവലോകനം ചെയ്യും. ഇന്ത്യൻ നാവികസേനയുടെ ഏറ്റവും പുതിയ മൾട്ടി-റോൾ സ്റ്റെൽത്ത് ഗൈഡഡ് മിസൈൽ ഫ്രിഗേറ്റായ 'INS തുഷിൽ' നാളെ കലിനിൻ ഗ്രാഡിലെ യന്ത്ര കപ്പൽശാലയിൽ രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്യും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠിയും കമ്മീഷനിംഗ് ചടങ്ങിൽ അദ്ദേഹത്തെ അനുഗമിക്കും.

✪✪✪

US ഡോളറുമായി മത്സരിക്കാൻ പുതിയ നാണയം തുടങ്ങാൻ നിർദേശമില്ലെന്ന് വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ പറഞ്ഞു. ഖത്തറിൽ ദോഹ ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. US ഡോളറിനെ ദുർബലപ്പെടുത്താൻ ബ്രിക്സ് രാജ്യങ്ങൾക്ക് ഉദ്ദേശ്യമില്ല. ഇക്കാര്യത്തിൽ ബ്രിക്സ് രാജ്യങ്ങൾ ഏകീകൃതമായ നിലപാടല്ല സ്വീകരിക്കുന്നതെന്നും ജയശങ്കർ വ്യക്തമാക്കി.

ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ മുഹമ്മദ് ബിൻ അബ്ദുൾറഹ്മാന്റെ ക്ഷണപ്രകാരം ദോഹ ഫോറത്തിൽ പങ്കെടുക്കാനാണ് ജയശങ്കർ ദോഹയിലെത്തിയത്.

✪✪✪

ജനങ്ങളുടെ പരാതികൾ തീർപ്പാക്കുന്നതിന് മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ നടത്തുന്ന 'കരുതലും കൈത്താങ്ങും' പരാതിപരിഹാര അദാലത്തിന് നാളെ തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വിമെൻസ് കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. അടുത്ത മാസം 13 വരെയാണ് താലൂക്ക്തല അദാലത്തുകൾ.

ഡെസ്ക് റിപ്പോർട്ട് .......

(വോയ്സ് ......)

ഭൂമി സംബന്ധമായ വിഷയങ്ങൾ, പോക്കുവരവ്, അതിർത്തി നിർണ്ണയം, അനധികൃത നിർമ്മാണം, ഭൂമി സംബന്ധമായ തർക്കങ്ങൾ, സർട്ടിഫിക്കറ്റുകൾ ലൈസൻസുകൾ നൽകുന്നതിലെ കാല താമസം, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട പരാതികൾ, വയോജന സംരക്ഷണം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ, മത്സ്യബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ട പരാതികൾ, ശാരീരിക-ബുദ്ധി-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം, മാലിന്യ സംസ്കരണം, പൊതുജല സ്രോതസ്സുകളുടെ സംരക്ഷണം, കുടിവെള്ളം, റേഷൻകാർഡ്, കാർഷിക വിളകളുടെ സംഭരണം, വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം, വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി, വന്യജീവി ആക്രമണത്തിൽ നിന്നുള്ള സംരക്ഷണം, നഷ്ടപരിഹാരം, തണ്ണീർത്തട സംരക്ഷണം, എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങൾ, പ്രകൃതി ദുരന്തങ്ങൾക്കുള്ള നഷ്ട പരിഹാരം തുടങ്ങിയ വിഷയങ്ങളിലെ പരാതികളാണ് കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിൽ പരിഗണിക്കുക.

പോർട്ടൽ വഴി സമർപ്പിച്ച പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്. അദാലത്ത് നടക്കുന്ന സ്ഥലങ്ങളിൽ ഒരുക്കിയ ഹെൽപ്പ് ഡെസ്ക് വഴിയും പരാതികൾ സമർപ്പിക്കാം.

✪✪✪

റോമൻ കത്തോലിക്കാ സഭയുടെ കർദിനാളായി സ്ഥാനമേറ്റ മാർ ജോർജ് ജേക്കബ് കൂവക്കാട് അടക്കം 21 കർദിനാൾമാർ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയ്ക്കൊപ്പം നന്ദി പ്രകാശന ദിവ്യബലി അർപ്പിക്കും.

മാർ. ജോർജ് കൂവക്കാട്ടിലിന്റെ കാർമികത്വത്തിൽ വൈകിട്ട് സാന്താ അനസ് താസിയ സിറോ മലബാർ ബസിലിക്കയിൽ മലയാളത്തിൽ കുർബാനയും അർപ്പിക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ നാളെ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുമായും ജനപ്രതിനിധികളുമായും സംവദിക്കും. അതിദാരിദ്ര്യ നിർമാർജനം, മാലിന്യമുക്തം നവകേരളം, പാലിയേറ്റീവ് കെയർ എന്നീ മേഖലകളുമായി ബന്ധപ്പെട്ട് ഓൺലൈനായാണ് യോഗം. മന്ത്രിമാരായ MB രാജേഷ്, വീണാ ജോർജ്, ഡോ. R ബിന്ദു, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ എന്നിവരും യോഗത്തിൽ പങ്കെടുക്കും.

✪✪✪

കേന്ദ്ര ധനകാര്യ കമ്മീഷൻ ചെയർമാൻ അരവിന്ദ് പനഗരിയയും അംഗങ്ങളുമടങ്ങിയ സംഘം ഇന്ന് സംസ്ഥാന ത്തെത്തും. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതാനായി സംസ്ഥാനങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകളുടെ ഭാഗമായാണ് മൂന്നു ദിവസത്തെ സന്ദർശനം.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ അന്താരാഷ്ട്ര ജൂറി അംഗങ്ങളെ പ്രഖ്യാപിച്ചു. ഫ്രഞ്ച് ഛായാഗ്രാഹക ആഗ്നസ് ഗൊദാർദാണ് ജൂറി ചെയർപേഴ്സൺ. ആസാമീസ് സംവിധായകനായ മൊഞ്ചുൾ ബറുവയാണ് അന്താരാഷ്ട്ര ജൂറിയിലെ ഇന്ത്യൻ പ്രതിനിധി.

മാർക്കോസ് ലോയ്സ, നാനാ ജോർജഡ്സെ, മിഖായേൽ ഡോല്ലാത്യൻ, മൊഞ്ചുൾ ബറുവ എന്നിവരാണ് ജൂറി അംഗങ്ങൾ.

✪✪✪

എലത്തൂരിലെ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ ഉണ്ടായ ഡീസൽ ചോർച്ചയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലെ വിദഗ്ധർ പരിശോധനകൾ തുടരുന്നു. ഉന്നതതല ഉദ്യോഗസ്ഥർ സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്. ചോർച്ച തടയാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാനും ഡീസൽ ചോർച്ച സമീപത്തെ ജലാശയങ്ങളിൽ എത്തുന്നില്ലെന്ന് ഉറപ്പാക്കാനും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് അധികൃതർ നിർദേശം നൽകിയിരുന്നു.

✪✪✪

"നിർമ്മിത ബുദ്ധിയും ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവിയും" എന്ന വിഷയത്തിൽ നടത്തുന്ന അന്താരാഷ്ട്ര നിർമ്മിത ബുദ്ധി കോൺക്ലേവിന്റെ രണ്ടാം എഡിഷന് തിരുവനന്തപുരത്ത് തുടക്കമായി. കനകക്കുന്ന് കൊട്ടാരത്തിൽ ചൊവ്വാഴ്ചവരെയാണ് കോൺക്ലേവ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ IHRD യാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

കോൺക്ലേവിൽ നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട ചർച്ചകൾ, സമ്മേളനങ്ങൾ, സംയുക്ത സഭകൾ എന്നിവ നടക്കും.

✪✪✪

ബോർഡർ - ഗാവസ്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയക്ക് ജയം. അഡ്‌ലയ്ഡിൽ 10 വിക്കറ്റിനാണ് അവർ ഇന്ത്യയെ പരാജയപ്പെടുത്തിയത്. ഇതോടെ പരമ്പര സമനിലയിലായി. ഒന്നാം ടെസ്റ്റിൽ

295 റൺസിനായിരുന്നു ഇന്ത്യയുടെ ജയം. ഈ മാസം 14 മുതൽ മെൽബണിലാണ് മൂന്നാം ടെസ്റ്റ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC, മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗോഹട്ടിയിലാണ് മത്സരം.

ഇന്നലെ ബംഗളുരുവിൽ കേരളാ ബൽസ്റ്റേഴ്സ് രണ്ടിനെതിരെ നാല് ഗോളുകൾക്ക് ബംഗളൂരു FCയോട് തോറ്റു, ചെന്നൈയിൽ മറ്റൊരു മത്സരത്തിൽ ഈസ്റ്റ് ബംഗാൾ FC, ചെന്നൈയിൻ FC യെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി.

✪✪✪

ഏഷ്യാ കപ്പ് വനിതാ ജൂനിയർ ഹോക്കി മത്സരത്തിലെ ആദ്യ കളിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഒമാനിലെ മസ്ക്കറ്റിൽ ഇന്നലെയാണ് ജൂനിയർ ഹോക്കി മത്സരങ്ങൾക്ക് തുടക്കമായത്. ജ്യോതി സിംഗാണ് ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റൻ.

✪✪✪

കേന്ദ്ര സിലബസ് പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളുടെ കണ്ണൂർ ജില്ലാ കായികമേളയുടെ ലോഗോ അസിസ്റ്റൻറ് കലക്ടർ ഗ്രന്ധേ സായികൃഷ്ണ പ്രകാശനം ചെയ്തു.

ഈ മാസം 16ന് തലശ്ശേരി ജസ്റ്റിസ് VR കൃഷ്ണയ്യർ മെമ്മോറിയൽ മുൻസിപ്പൽ സ്റ്റേഡിയത്തിലാണ് കായിക മേള.

CBSE, ICSE , കേന്ദ്രീയ വിദ്യാലയ, നവോദയ സ്കൂളുകളിലെ വിദ്യാർഥികൾ പങ്കെടുക്കും.

✪✪✪

കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നത് ഇടുക്കി തൊടുപുഴയിലെ മ്രാലയിലാണ്. ഇതിനായി കണ്ടെത്തിയ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ നടപടിയാരംഭിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ.

.........വോയ്സ്...........

കേന്ദ്രീയ വിദ്യാലയത്തിനായി എട്ട് ഏക്കർ സ്ഥലമാണ് നിലവിൽ തൊടുപുഴയ്ക്കടുത്ത് മ്രാലയിൽ കണ്ടെത്തിയിരിക്കുന്നത്. നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻപുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. രാജ്യാന്തര നിലവാരത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ള കെട്ടിടമാണ് ഇവിടെ നിർമ്മിക്കുക. ഒരു ഡിവിഷനിൽ 32 സീറ്റുകളാണ് ഇവിടെ അനുവദിച്ചിരിക്കുന്നത്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം 63 തസ്തികകൾ ഉണ്ടായിരിക്കും. ചലഞ്ച് മെത്തേഡ് പോളിസിയിൽ ഉൾപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ വിദ്യാലയം അനുവദിച്ചത്. പുതിയ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നത് വരെ തൊടുപുഴ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ താൽക്കാലിക സംവിധാനത്തിലായിരിക്കും വിദ്യാലയം  പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാർ അനുവദിച്ച 85 വിദ്യാലയങ്ങളിൽ കേരളത്തിലെ ഏക കേന്ദ്രീയ വിദ്യാലയം തൊടുപുഴയിലാണ്.

✪✪✪

ശബരിമല സന്നിധാനത്ത് നിന്നും ഇതുവരെ 127 പാമ്പുകളെ പിടികൂടിയതായി വനം വകുപ്പ് അറിയിച്ചു. വിഷപാമ്പുകളുടെ സാന്നിധ്യം കൂടുതൽ ആയതിനാൽ തീർഥാടകർ കുറുക്ക് വഴികൾ ഉപേക്ഷിച്ച് പരമ്പരാഗത പാതകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് വനം വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ശബരിമല തീർത്ഥാടകർ സഞ്ചരിച്ച മിനി ബസ് കോട്ടയം കോരുത്തോട് കോസടിക്ക് സമീപം മറിഞ്ഞു 15 പേർക്ക് പരിക്കേറ്റു. പുലർച്ചെ നിയന്ത്രണം വിട്ട വാഹനം റോഡിൽ തന്നെ മറിയുകയായിരുന്നു. തമിഴ്നാട് സ്വദേശികൾ സഞ്ചരിച്ച വാഹനമാണ് അപകടത്തിൽ പെട്ടത്. പരിക്കേറ്റവരെ മുണ്ടക്കയത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

✪✪✪

കണ്ണൂർ  കുടിയാന്മല വലിയ അരീക്കമലയിലെ ഒരു വീട്ടിലെ തൊഴുത്തിൽ വളർത്തുകയായിരുന്ന മൂന്ന് ആടുകളെ ഇന്നലെ രാത്രിയിൽ  അജ്ഞാത മൃഗം അക്രമിച്ച് കൊന്നു. പരിസര പ്രദേശങ്ങളിൽ പുലിയുടെ ഭീതി നിലനിൽക്കുന്നതിനാൽ പുലി അക്രമിച്ചതാകാം എന്ന ഭീതിയിലാണ് നാട്ടുകാർ. വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് പരിശോധിച്ച് വരുന്നു.

✪✪✪

ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി വൈകിട്ട് കോഴിക്കോട്ട് "സാരേ ജഹാംസെ അച്ഛാ...." എന്ന ഗാനം പോലീസും, CRC ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും സ്റ്റുഡന്റ് പോലീസ് കേഡറ്റ്സും ആംഗ്യഭാഷയിൽ അവതരിപ്പിക്കും. മാനാഞ്ചിറ മൈതാനത്ത് നടക്കുന്ന പരിപാടി, മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. മൂവായിരത്തോളം പേർ പങ്കെടുക്കും.

✪✪✪

കണ്ണൂർ കോർപ്പറേഷൻ കേരളോത്സവം കലാ മത്സരങ്ങൾ തുടങ്ങി. മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. താവക്കര ഗവർമെൻറ് യുപി സ്കൂളിലാണ് കേരളോത്സവം നടക്കുന്നത്.

✪✪✪

മഹാത്മാ ഗാന്ധി സർവകലാശാല മറ്റന്നാൾ നടത്താനിരുന്ന എല്ലാ പരീക്ഷകളും ഈ മാസം 11-ലെ ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷകളും മാറ്റിവച്ചു.

പുതുക്കിയ തീയതികൾ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

✪✪✪